# ‘കർത്താവിൽ ആശ്രയിച്ചുകൊണ്ട് വിശ്രമിക്കുക’

## യെശയ്യാവ് 30:15

‘‘യിസ്രായേലിന്റെ പരിശുദ്ധനായി യഹോവയായ കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു: മനംതിരിഞ്ഞ് അടങ്ങിയിരുന്നാൽ നിങ്ങൾ രക്ഷിക്കപ്പെടും. വിശ്രമിക്കുന്നതിലും ആശ്രയി ക്കുന്നതിലും നിങ്ങളുടെ ബലം.’’

ഈ തിരുവചനത്തിലൂടെ പരിശുദ്ധാത്മാവ് നമ്മെ ഓർമ്മിപ്പിക്കുകയാണ് കർത്താവിൽ ആശ്രയിച്ച് ദൈവിക സമാധാനം നാം അനുഭവിക്കണം എന്നുള്ളത്. തന്നെത്തന്നെ പൂർണ്ണ മായി വിട്ടുകൊടുത്ത് ദൈവസന്നിധിയിൽ സമർപ്പിക്കുന്ന ഒരു ദൈവപൈതലിനു മാത്രമേ ഇപ്രകാരമുള്ള ദൈവിക സമാധാനം അനുഭവിക്കുവാൻ സാധിക്കുകയുള്ളൂ. ദൈവത്തിന്റെ കൃപയിൽ ആശ്രയിച്ചല്ലാതെ ഈ പൂർണ്ണസമർപ്പണം നമുക്ക് സാധ്യമാവുകയില്ല. അതി നായി നാം എന്തൊക്കെ ചെയ്യണമെന്ന് നോക്കാം.

ഒന്നാമതായി എല്ലാ ഭാരവും പാപവും നിരാശയും വേദനയുമെല്ലാം ദൈവത്തോട് ഏറ്റു പറഞ്ഞ് നിരപ്പു പ്രാപിക്കുക. പിന്നീടു നാം ദൈവസന്നിധിയിൽ അവിടുത്തെ സമയത്തിനായി കാത്തിരിക്കുക. ആ കാത്തിരിപ്പിനൊടുവിൽ സഹിഷ്ണുത നഷ്ടമാവാതെ സൂക്ഷിക്കുക. ഏത് സാഹചര്യത്തിലും ദൈവികനടത്തിപ്പും പരിപാലനവും അനുഭവിച്ച റിയുന്നതിൽ ദൈവത്തെ സ്തുതിക്കുവാൻ നമുക്കു കഴിയണം. അപ്പോൾ നമുക്കു മടുപ്പു കൂടാതെ പ്രാർത്ഥിക്കുവാൻ സാധിക്കും.

പലപ്പോഴും നമ്മുടെ ജീവിതത്തിൽ ചില ആവശ്യഭാരങ്ങളിൽ ഇരിക്കുമ്പോൾ ദൈവത്തെ കാത്തിരുന്ന് അക്ഷമരായിത്തീരുന്ന ഒരു സാഹചര്യം നമ്മിലുണ്ടായെന്ന് വന്നേക്കാം. എന്നാൽ അപ്പോഴും നമ്മുടേതായ ആലോചനകൾക്കുവേണ്ടി, സ്വാർത്ഥ താല്പര്യങ്ങൾക്കു വേണ്ടി എടുത്തു ചാടുന്നത് തികച്ചും പരാജയമായി മാത്രമേ തീരുകയുള്ളൂ എന്നുള്ള വസ്തുത നാം മറന്നുപോകരുത്. താത്ക്കാലികമായ സന്തോഷം ഒരുപക്ഷേ നാം സ്വന്ത മാർഗ്ഗത്തിൽ കൂടി നേടിയെടുത്താലും അത് ശാശ്വതമാവുകയില്ല.

1 ശമുവേൽ 13–ാം അദ്ധ്യായം 1–14 നാം വായിക്കുമ്പോൾ നമുക്ക് മനസ്സിലാവുന്നതെന്തെ ന്നാൽ ശൗലിന്റെ അക്ഷമ കാരണം തനിക്ക് രാജത്വം നഷ്ടമായിപോകുവാൻ ഇടയാകുന്നു. ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ ദൈവസന്നിധിയിൽ ക്ഷമയോടെ കാത്തിരിക്കു വാനും പൂർണ്ണമായി ആശ്രയിച്ചുകൊണ്ട് ദൈവത്തിൽ വിശ്രമിക്കുവാനും ഇടയാവണം. അങ്ങിനെയുള്ള ഒരു ദൈവപൈതലിനെ തകർത്തു കളയുവാൻ ഒരു സാഹചര്യത്തിനോ വ്യക്തികൾക്കോ മറ്റൊന്നിനും സാധിക്കുകയില്ല.

ഒരു പിതാവിന്റെ കരത്തിൽ പിടിച്ചുകൊണ്ട് യാത്ര ചെയ്യുന്ന ഒരു കുഞ്ഞ് അവൻ നിർഭയനായിരിക്കും. വഴിയാത്രയിൽ തന്റെ കൈ അയച്ചുകൊണ്ട് ഒന്നു മാറിനടക്കുവാൻ ശ്രമിച്ചാലും പിതാവ് വീണ്ടും തന്നെ സുരക്ഷിതമായി ചേർത്തുകൊണ്ട് പോകുമെന്നുള്ള ഉറപ്പ് അവനിലുണ്ടായിരിക്കും. ഇതുപോലെ തന്നെ ആയിരിക്കണം നാം ഓരോരുത്തരുടെയും ജീവിതത്തിൽ നമ്മുടെ സ്വർഗ്ഗീയ പിതാവിലുള്ള ആശ്രയം.

പ്രിയദൈവപൈതലേ ജീവിതത്തിൽ ഇതുവരെയില്ലാതിരുന്ന ഒരു വേദനയിലൂടെ അല്ലെങ്കിൽ പ്രയാസത്തിലൂടെയാണോ താങ്കൾ ഇന്നു കടന്നുപോകുന്നത്. അങ്ങനെയെങ്കിൽ ഇതുവരെ അനുഭവിച്ചിട്ടില്ലാത്ത ദൈവിക സാന്നിധ്യവും ദൈവിക കരുതലും വിടുതലും അതിലൂടെ വെളിപ്പെട്ട് വരുവാൻ സ്വർഗീയ പിതാവ് ഇടയാക്കും എന്നുള്ളതിൽ സംശയമില്ല. അതിനായി പൂർണ്ണമായി കർത്താവിൽ ആശ്രയിക്കുക, വിശ്രമിക്കുക. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

സങ്കീ 125:1

‘‘യഹോവയിൽ ആശ്രയിക്കുന്നവർ കുലുങ്ങാതെ എന്നേക്കും നില്ക്കുന്ന സീയോൻപർവ്വതം പോലെയാകുന്നു.’’

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 042